പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3015 03. 04. 2013- ലെ മറുപടി

<u>പ്രവാസിക്ഷേമനിധി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. പി. ഉബൈദുള്ള</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനും അംശാദായം അടയ്ക്കുന്നതിനും പെൻഷൻ ലഭിക്കുന്നതിനുമുള്ള നിബന്ധനകൾ വിശദീകരിക്കുമോ; | (എ) വിദേശത്ത് ജോലി ചെയ്യുന്നവർക്കും, വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ച് വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും, കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് ആറുമാസമായി താമസിച്ചുവരുന്നവർക്കും, അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകരുടെ പ്രായം 18 നും 55 നും മധ്യേയായിരിക്കണം. 60 വയസ്സ് പൂർത്തിയാക്കുന്നത് വരെ അംശാദായം അടയ്ക്കേണ്ടതും 60 വയസ്സ് മുതൽ പെൻഷൻ അനുവദിച്ച് തുടങ്ങുന്നതുമാണ്. |
| (ബി) ഏതു പ്രായത്തിൽ അംഗമായാലും അംശാദായം 60 വയസ്സ് പൂർത്തിയാകുന്നത് വരെ അടയ്ക്കണമോ അതോ 5 വർഷം മാത്രം അടച്ചാൽ മതിയോയെന്ന് വ്യക്തമാക്കുമോ; | (ബി) ഏതു പ്രായത്തിൽ അംഗമായാലും 60 വയസ്സ് പൂർത്തിയാകുന്നതുവരെ അംശാദായം അടയ്ക്കണമെന്നാണ് ആക്ടിലെ നിബന്ധന. |
| (സി) 5 വർഷം അംശാദായം അടയ്ക്കാത്ത അംഗങ്ങൾക്ക് പെൻഷൻ , കുടുംബ പെൻഷൻ എന്നിവ ലഭിക്കുമോ; | (സി) ഇല്ല. |
| (ഡി) മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് അയാളുടെ അംഗത്വ കാലാവധി പരിഗണിക്കാതെ പെൻഷൻ നൽകുമോ; | (ഡി) വളരെ പരിമിതമായ സാമ്പത്തിക ചുറ്റുപാടിലാണ് പ്രവാസി ക്ഷേമനിധി പ്രവർത്തിക്കുന്നത് എന്നതിനാലും നിശ്ചിത കാലാവധി പൂർത്തിയാക്കാതെ മരണപ്പെട്ട |

അംഗങ്ങൾക്ക് കുടുംബ പെൻഷൻ നൽകുന്നത് കടുത്ത സാമ്പത്തിക ബാധ്യതയാകും എന്നതിനാലും അംഗത്വ കാലാവധി പരിഗണിക്കാതെ പെൻഷൻ നൽകുന്ന കാര്യം പ്രായോഗികമല്ല. അംഗമായിരിക്കെ മരണമടയുന്ന അംഗങ്ങളുടെ നിയമാനുസൃത അവകാശികൾക്ക്, കുടുംബ പെൻഷന് അർഹതയില്ലാത്ത പക്ഷം നിധിയിലേക്കടച്ച അംശാദായവും ബോർഡ് അനുവദിക്കുന്ന വിഹിതവും ചേർത്ത് തിരിച്ച് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഇ)പെൻഷൻ , വിവിധ ആനുകൂല്യങ്ങൾ എന്നിവയ്ക്കുള്ള വരുമാന പരിധി ഉയർത്തുമോയെന്ന് വ്യക്തമാക്കുമോ?

(ഇ) കാലാവധി പൂർത്തിയായി പെൻഷൻ നൽകുന്നതിന് വരുമാനപരിധി ഏർപ്പെടുത്തിയിട്ടില്ല. കുടുംബപെൻഷന് മാത്രമാണ് അപ്രകാരം ഒരു നിബന്ധനയുള്ളത്. പ്രവാസി ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ നൽകേണ്ട കാലാവധി ആയിട്ടില്ലാത്തതിനാൽ വരുമാനപരിധി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ